LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കളായ കുട്ടികൾക്കും, പാലൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം, തൊഴിൽ പരിശീലനം, ആരോഗ്യപരിശോധന - പോഷണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം മാവേലിക്കര മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ വകുപ്പിന്റെ കീഴിലുള്ള വികലാംഗക്ഷേമ കോർപ്പറേഷൻ, മുച്ചക്ര വാഹനം വാങ്ങുന്നതിനുള്ള ധനസഹായം, സൗജന്യ സഹായ ഉപകരണ വിതരണം, സ്വയം തൊഴിലിനായുള്ള വിവിധ വായ്പാ പദ്ധതികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണവും നൽകിവരുന്നുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷത്തിലും ഈ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നത് തുടരുന്നതാണ്.

വനിതാകമ്മീഷൻ സിറ്റിങ്ങുകൾ

241 (7540) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരാതികൾ കേൾക്കാനും തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന വനിതാകമ്മീഷൻ ജില്ലകളിൽ വനിതാസിറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഓരോ ജില്ലയിലും എത്ര വനിതാസിറ്റിങ്ങുകൾ വീതം സംഘടിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇവയിലോരോന്നിലും എത്ര പരാതികൾ ലഭിച്ചു ; എത്ര എണ്ണം തീർപ്പ് കൽപ്പിക്കാനായി ; വിശദമാക്കുമോ ?

ഉത്തരം

(എ) പരാതികൾ കേൾക്കാനും തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന വനിതാ കമ്മീഷൻ ജില്ലകൾ തോറും അദാലത്തുകളാണ് സംഘടിപ്പിക്കുന്നത്. സിറ്റിംഗ് തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിലാണ് സംഘടിപ്പിക്കുന്നത്.

(ബി) ജില്ലകൾതോറും സംഘടിപ്പിച്ചിട്ടുള്ള അദാലത്തുകൾ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

സ്നേഹപൂർവ്വം പദ്ധതി - കുട്ടനാട്ടിൽ നിന്നുള്ള അപേക്ഷകൾ

242 (7541) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതിയിൽ കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഏതൊക്കെ പരിഗണിച്ചുവെന്നും ഏതൊക്കെ നിരസിച്ചുവെന്നും ആയതിനുള്ള കാരണം സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;